ശ്രീ. സി. അച്യുതമേനോൻ : മദ്രാസിൽ പൊതുവെ വിനോദനികുതി യുണ്ടെങ്കിലും നാടകങ്ങളെ ഒഴിവാക്കിയിട്ടുണ്ടെന്നു് മനസ്സിലാക്കാൻ കഴിയുന്നു. അതുപോലെ ഇവിടെയും നാടകങ്ങളെ ഒഴിവാക്കണമെന്നു നിവേദനം ലഭിച്ചിട്ടുണ്ടോ ; അക്കാര്യം പരിഗണിക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എല്ലെങ്കിലും പ്രത്യേക കലാപരിപാടികൾക്കു് വിനോദനികുതി ബാധകമാക്കേണ്ടെന്നു് ലോക്കൽ ബോഡിസിനു് തീരുമാനിക്കാമല്ലോ. അതുകൊണ്ടു് അക്കാര്യത്തിൽ വിഷമമില്ല.

Mr. Speaker : Question No. 8. A similar question has been already answered.

ഖാദിബോർഡിലും ഹാൻഡി ക്രാഫ്റ്റ്സ് ബോർഡിലും ഉള്ള നിയമനം

* 568. [9] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം ഖാദി ബോർഡിലും, ഹാൻഡിക്രാഫ്റ്റ്സ് ബോർഡിലും 400 രൂപയ്ക്കു മേൽ ശമ്പളത്തിൽ നിയമിച്ചവരുടെ പേരുവിവരം അടങ്ങുന്ന ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) ഈ നിയമനങ്ങളം ലഭിച്ചവരിൽ ഗവണ്മെന്റു സർവ്വീസിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞവർ ആരെല്ലാം ;

(സി) അവർ ഗവണ്മെന്റിൽ വാങ്ങിയിരുന്ന ശമ്പളവും ഇപ്പോൾ ഓരോരുത്തരും വാങ്ങുന്ന ശമ്പളവും അടങ്ങുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ഖാദിബോർഡിൽ ശ്രീ. എം. വൈ. സ്വാമിനാഥനെ ഫിനാൻഷ്യൽ അഡ്വൈസറും ചീഫ് അക്കൗണ്ട്സ് ആഫീസറുമായി നിയമിച്ചിട്ടുണ്ടു്. കേന്ദ്രഗവണ്മെന്റുദ്യോഗസ്ഥനായ അദ്ദേഹത്തെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണു് നിയമിച്ചിട്ടുള്ളതു്. ഹാൻഡിക്രാഫ്റ്റ് അഡ്വൈസറി ബോർഡിൽ നിയമനം നടത്തിയിട്ടില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

എഴുകോൺ വില്ലേജ് ഹരിജൻ കോളനി.

* 569. [10] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ എഴുകോൺ വില്ലേജ്ഹരിജൻകോളനി സബ്ഡിവിഷൻ ചെയ്തുകൊടുത്തിട്ടുണ്ടോ;

(ബ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്;

(സി) പ്രസ്തുത കോളനിനിവാസികൾക്കു് ഒരു ശ്മശാനം വേണമെന്നു കാണിച്ചു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള നടപടി എന്തായി?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ,ബി) എഴുകോൺ ഹരിജൻ കോളനിയിലെ സബ്ഡിവിഷൻ സർവ്വെ ജോലി നടന്നുകൊണ്ടിരിക്കുകയാണു്.

(സി,ഡി) നിവേദനം ലഭിച്ചിട്ടില്ല. സബ്ഡിവിഷൻ ചെയ്യുന്ന തോടുകൂടി ശ്മശാനത്തിനും മറ്റു പൊതുആവശ്യങ്ങൾക്കുമായി 2 ഏക്കർ സ്ഥലം പ്രത്യേകം അളന്നുതിരിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കൃഷ്ണൻ: അഞ്ചുകൊല്ലം കഴിഞ്ഞിട്ടും സബ്ഡിവിഷൻ ചെയ്തു കൊടുക്കാത്തതുകൊണ്ട് വഷ്കാലത്തു വെള്ളം ഒലിച്ച് വന്നു അനാഥമായി പോവുകയാണ്. അതുകൊണ്ട് എത്രയും വേഗത്തിൽ സബ്ഡിവിഷൻ ചെയ്തു കൊടുക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇതു സബ്ഡിവിഷൻ ചെയ്യാൻവേണ്ടി സർവ്വേ ഡിപ്പാർട്ടുമെൻറിനെയാണ് ഏല്പിച്ചിരിക്കുന്നത്. ഈ മാസം അവസാനത്തിൽതന്നെ ആ ജോലി പൂർത്തിയാകുമെന്നാണ് അറിയാൻ കഴിയുന്നത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സബ്ഡിവിഷൻ ചെയ്യാതെ സ്റ്റോറിൽ എത്ര കാളണികൾ ഉണ്ടെന്ന് അന്വേഷിച്ച് അതെല്ലാം സബ്ഡിവിഷൻ ചെയ്യുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. കെ. കുഞ്ഞമ്പു: എല്ലാ ഡിസ്ട്രിക്റ്റിലുമുള്ള സബ്ഡിവിഷൻ കഴിക്കാത്ത കാളണികളുടെ ലിസ്റ്റുണ്ട്. എന്നാൽ സർവ്വേ ഡിപ്പാർട്ടുമെൻറിനു ഈ കാളണികളുടെയെല്ലാം സബ്ഡിവിഷൻകഴിക്കാൻ വിഷമമാണെന്നും ഹരിജൻ ഡിപ്പാർട്ടുമെൻറിൽ ഇതിനൊരു സ്റ്റാഫ് നിയമിച്ചാലേ സാധിക്കുകയുള്ളു എന്നും ജില്ലാ കളക്ടറന്മാരുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്, അതുകൊണ്ട് അങ്ങനെ ഒരു സ്റ്റാഫിനെവച്ച് ഇതുനടത്താൻ കഴിയുമോയെന്നാലോചിക്കുകയാണ്.

ശ്രീ. ടി. കൃഷ്ണൻ: ചങ്ങനാശ്ശേരിയിലെ സഹിവോത്തമപുരം കാളണിയിലും സബ്ഡിവിഷൻ നടന്നിട്ടില്ല. ആ സ്ഥലം ഇപ്പോഴും പാട്ടത്തിനു കൊടുക്കുകയാണ്. അതുകൊണ്ട് പൊതുവേ സ്ഥലം മോശപ്പെട്ടുവരികയാണെന്നറിയാമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഇത്തരം അനവധി ഭൂമികളും ഉണ്ട്. ഏകദേശം 300 ഏക്കർ ഭൂമി സബ്ഡിവിഷൻ കഴിക്കാതെ കിടക്കുകയാണ്. സ്പെഷ്യൽ സ്റ്റാഫിനെവച്ചാലെ ഈ ഭൂമികളും സബ്ഡിവിഷൻചെയ്യാൻ സാധിക്കുകയുള്ളു. അതിനുവേണ്ടിയുള്ള ചെലവുതുകയെപ്പറ്റി ഗവണ്മെൻറ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

സിമൻറ് കൂടുതൽ ലഭിക്കുന്നതിനുള്ള നിവേദനം.

* 570. [11] ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിനും സ്വകാര്യ ആവശ്യത്തിനും വേണ്ടി സ്റ്റോറിനു വെളിയിൽനിന്നും സിമൻറ് കൂടുതൽ ലഭിക്കുന്നതിനു കേന്ദ്രഗവണ്മെൻറിൽ വല്ല നിവേദനവും സംസ്ഥാനഗവണ്മെൻറ് ചെയ്തിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിൻറെ ആവശ്യത്തിനു കൂടുതൽ സിമൻറ് അലോട്ടുചെയ്തുകിട്ടാൻ അടുത്ത അവസരത്തിൽ സാദ്ധ്യതയുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) ഉണ്ട്.

(ബി) 1964 ജനുവരി മാർച്ച് കാലഘട്ടത്തിൽ കേരളത്തിലേക്ക് കഴിഞ്ഞകാലങ്ങളെഅപേക്ഷിച്ച് അലോട്ടുമെൻറ് അല്പം കൂട്ടിയിട്ടുള്ളതിനു പുറമെ പ്രതിമാസം 900 ടൺ സ്പെഷ്യൽ അലോട്ടുമെൻറായും ലഭിക്കുന്നുണ്ട്.

ശ്രീ. കെ. ആർ. വിജയൻ: താരതമ്യേന കൂടുതൽ കാണിക്കുന്നുവെങ്കിലും അപേക്ഷിക്കുന്നവർക്കു കിട്ടാതിരിക്കുന്ന ബുദ്ധിമുട്ടു കാണുന്നുണ്ട്. അതിനു പ്രത്യേക നിർദ്ദേശം അധികൃതർക്കു കൊടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഇന്നിവിടെ സിമൻറ് ആവശ്യത്തിൻറെ പ്രാധാന്യത്തെ പരിഗണിച്ച് വിതരണംചെയ്യുകയാണ്. പൊതു

LIBRARY ARCHIVES Kerala Legislative Assembly